LIBRARY ARCHIVES Kerala Legislative Assembly

കമ്പ്യൂട്ടർ പഠന പദ്ധതി

107 [992] ശ്രീ. പി. നാരായണൻ:

,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് നടത്തിയ കമ്പ്യൂട്ടർ പഠന പദ്ധതിയിലെ ക്രമക്കേടുകളെക്കുറിച്ച് ഏതെല്ലാം തരത്തിലുള്ള അന്വേഷണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രഥമദൃഷ്ട്യാ ഏതെല്ലാം തരത്തിലുള്ള ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കമ്പ്യൂട്ടർ പഠന പദ്ധതിയുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പിൽ ക്രമക്കേടുകൾ നടന്നതായി ആക്ഷേപം ഉണ്ടായിട്ടില്ല. പട്ടികജാതി വികസന വകുപ്പിൽ പരിശീലന പരിപാടിയെ സംബന്ധിച്ച് ഉയർന്ന ആക്ഷേപത്തെ സംബന്ധിച്ച് വകുപ്പ് സെക്രട്ടറി അന്വേഷണം നടത്തി. വിശദമായ അന്വേഷണം ആവശ്യമാണെന്ന് ബോദ്ധ്യമായതിനാൽ വിജിലൻസ് വകുപ്പുവഴി അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ധനകാര്യ (പരിശോധനാ വിഭാഗം) വകുപ്പും അന്വേഷണം നടത്തുന്നുണ്ട്.

(ബി) സ്ഥാപനങ്ങളെ തിരഞ്ഞെടുത്തതിലും കോഴ്സുകൾക്ക് നിശ്ചയിച്ചിട്ടുള്ള ഫീസ് സംബന്ധിച്ചും മതിയായ അധികാരമില്ലാതെ ഡയറക്ടർ ഉത്തരവിറക്കിയതുമാണ് പ്രഥമദൃഷ്ട്യാ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുള്ളത്.

വിദ്യാർത്ഥികൾക്ക് ഗൈഡുകൾ വാങ്ങി നൽകുന്ന പദ്ധതി

108 [993] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന പത്താംക്ലാസ് വിദ്യാർത്ഥികൾക്ക് ഗൈഡുകൾ വാങ്ങി നൽകാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി ഈ അദ്ധ്യയന വർഷം എത്ര രൂപ ചെലവാക്കിയെന്നും എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു എന്നതിന്റെയും ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) ഗൈഡുകൾ വിതരണം ചെയ്യുന്ന ഏജൻസി ഏതാണെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ അദ്ധ്യയന വർഷം എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് റാങ്ക് ഫയൽ വാങ്ങുന്നതിനായി പട്ടികജാതി വിഭാഗത്തിന് 62,40,000 രൂപ ചെലവാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന് 6,82,032 രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രയോജനം ലഭിച്ച കുട്ടികളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുത്തിരിക്കുന്നു:

ജില്ല	കുട്ടികളുടെ എണ്ണം	
	പട്ടികജാതി വിഭാഗം	പട്ടികവർഗ്ഗ വിഭാഗം
തിരുവനന്തപുരം	4000	295
കൊല്ലം	2000	99
പത്തനംതിട്ട	1500	65
ആലപ്പുഴ	1500	32
കോട്ടയം	1000	271
ഇടുക്കി	1000	565
എറണാകുളം	2000	91
തൃശൂർ	4000	72
പാലക്കാട്	6000	252
മലപ്പുറം	3500	144
കോഴിക്കോട്	1500	86
വയനാട്	500	836
കണ്ണൂർ	1000	184
കാസർഗോഡ്	500	287
ആകെ	30,000	3,279

(സി) ഐ.ഇ.റ്റി. പബ്ലിക്കേഷൻസ്, പട്ടം, തിരുവനന്തപുരം.

ചീമേനിയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ അനുവദിക്കാൻ നടപടി

109 [994] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചീമേനിയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ്മെട്രിക് ഹോസ്റ്റൽ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly